ഊർജ്ജ സംരക്ഷണത്തിന് നൂതന പരിപാടികൾ

57 (4048) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതിയുടെ ഉത്പാദന-വിതരണമേഖലകളിലൂടെ ചെലവുചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും പുതിയ കണ്ടെത്തലുകളുമായി കടന്നുവരുന്ന പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കണ്ടെത്തലുകളെ പ്രയോജനപ്പെടുത്തുന്നതിനും ഊർജ്ജവകുപ്പ് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

വൈദ്യുതിയുടെ ഉത്പാദന വിതരണ മേഖലകളിലൂടെ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും നൂതന ആശയങ്ങളുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കളമശ്ശേരിയിലെ സ്റ്റാർട്ടപ്പ് വില്ലേജിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഒരു ഇലക്ട്രിക്കൽ ഓപ്പൺ ഇന്നവേഷൻ സോൺ (EOIZ) സ്ഥാപിച്ചിട്ടുണ്ട്. EOIZ-ന്റെ പ്രവർത്തനച്ചെലവുകൾ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡാണ് വഹിക്കുന്നത്. വൈദ്യുതി മേഖലയിൽ നൂതന ആശയങ്ങളുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് EOIZ-ൽ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകിവരുന്നു.

കണ്ടറ നല്ലിലയിലെ 11 കെ.വി. ലൈൻ

58 (4049) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടറ നല്ലില ട്രാൻസ്ഫോർമർ ജംഗ്ഷൻ മുതൽ വായനശാല വരെയുള്ള 500 മീറ്റർ ഭാഗത്ത് 11 കെ.വി. ലൈൻ താഴ്ന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിന്മേൽ ലഭിച്ച പരാതികളിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ജനങ്ങളുടെ ഭീതി ഒഴിവാക്കാനായി നടപടികളുടെ വേഗം കൂട്ടുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

ഉത്തരം

(എ) ടി ലൈൻ സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ കൂടി സുരക്ഷിതമായ ഉയരത്തിലൂടെയാണ് കടന്നുപോകുന്നത്. പ്രസ്തുത ലൈൻ നിലവിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന നിലയിൽ അപകടകരമായ അവസ്ഥയിലല്ല

LIBRARY ARCHIVES Kerala Legislative Assembly